Santhigiri

# ഉമ്മിണിതങ്കം

VOL 05 | ISSUE 14 | 2019 ഏപ്രിൽ 07 | 1194 മീനം 24

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

ഗുരുവാണി

"ഇവിടെ വളരുന്ന ആണും പെണ്ണും ഉലകത്തിന്റെ തീർപ്പുകൽപ്പിക്കേണ്ടവരാണ്. ഈ ധർമ്മബോധം കൊണ്ടാണ് നമ്മൾ വലിയവരാകേണ്ടത്. ഈ ധർമ്മത്തിൽ നിന്നുകൊണ്ട് ഈ സൗരയൂഥത്തിൽ എന്നല്ല, മറ്റ് സൗരയൂഥങ്ങളിൽക്കൂടിപോലും പരമ്പരാഗതമായി വന്നിട്ടുള്ള സകല തെറ്റുകളും തീർത്ത് ഞങ്ങൾക്ക് വേണ്ടത് വേണ്ടപ്പോൾ ചെയ്യാനുള്ള അറിവും പരിചയവും പഴക്കവും തരണേ എന്നായിരിക്കണം സദാ ഉള്ള നമ്മുടെ പ്രാർത്ഥന. "

# നവഒലിജ്യോതിർദിനം–20 പ്രചാരണപരിപാടികൾ ഇന്നുമുതൽ

**സ്പിരിച്വൽ സോൺ:** ശാന്തിഗിരി ആശ്രമം വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഈ വർഷത്തെ നവഒലിജ്യോതിർദിനം സർവ്വമംഗളസുദിനം വിപുലമായ പരിപാടികളോടെ ആഘോഷിക്കും. മെയ് 6 വരെ നീണ്ടുനിൽക്കുന്ന പ്രചാരണ പരിപാടികൾക്ക് ഇന്ന് തുടക്കമാകും. സംസ്ഥാനത്തെ വിവിധ ഏരിയകളിൽ ഇന്ന് വൈകുന്നേരം ശാന്തിമഹിമ സംഘടിപ്പിക്കുന്ന 'ഗൃഹനന്മ' കൂട്ടായ്മകൾ നടക്കും.




ശാന്തിഗിരി വിശ്വസാംസ്കാരിക നവോത്ഥാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ വ്യാഴാഴ്ച പ്രാർത്ഥനായൂണിറ്റുകളിൽ സൗഹൃദക്കൂട്ടായ്മ സംഘടിപ്പിക്കും. അഭ്യുദയകാംക്ഷികളെയും പരിസരവാസികളെയും ക്ഷണിച്ച് വീടുകളിലോ ഹാളുകളിലോ ആണ് കൂട്ടായ്മ നടത്തുന്നത്. വിവിധ സന്നദ്ധ സംഘടനകളുമായി ചേർന്ന് പൊതുസ്ഥലങ്ങൾ ശുചീകരിക്കും. ആശ്രമം ബ്രാഞ്ചുകളിൽ ഏപ്രിൽ 21, 28 തീയതികളിൽ ശാന്തിസംഗമം നടത്തും. സമൂഹത്തിലെ വിശിഷ്ടവ്യക്തികൾ ഇതിൽ പങ്കെടുക്കും. ഏപ്രിൽ 21 ന് എല്ലാ ആശ്രമം ബ്രാഞ്ചുകളിലും പൊതുജനങ്ങൾക്കായി അന്നദാനം നടത്തും. ഏപ്രിൽ 28 ന് ഏരിയകളിൽ ശാന്തിയാത്ര സംഘടിപ്പിച്ചിട്ടുണ്ട്. ആഘോഷങ്ങളോടനുബന്ധിച്ചുള്ള വിഭവസമാഹരണം ഏപ്രിൽ 28 മുതൽ ആരംഭിക്കും.

ശാന്തിഗിരി മാതൃമണ്ഡലത്തിന്റെ നേതൃത്വത്തിൽ ജലസംരക്ഷണം, അന്തരീക്ഷമലിനീകരണം തടയാനുള്ള മാർഗ്ഗങ്ങൾ, മാലിന്യനിർമ്മാർജ്ജനം എന്നിവയെ അധികരിച്ച് ഏപ്രിൽ 18ന് ഏരിയകളിൽ ഭൗമദിനാചരണം സംഘടിപ്പിക്കും. വജ്രജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് ശാന്തിഗിരി ഹെൽത്ത്കെയർ & റിസർച്ച് ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ ശാന്തിഗിരി മാതൃമണ്ഡലം, ശാന്തിഗിരി ഗുരുമഹിമയുമായി ചേർന്ന് ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന 'പ്രിയത' സ്ത്രീകൾക്കായുള്ള ആരോഗ്യസംരക്ഷണ പദ്ധതി ഇതിനകം ആരംഭിച്ചിട്ടുണ്ട്.ശാന്തിഗിരി ശാന്തിമഹിമയുടെ 'നന്മയുടെ ഇതളുകൾ' അവധിക്കാല ക്യാമ്പ് ഏപ്രിൽ 14 മുതൽ തുടങ്ങും. ശാന്തിഗിരി ഗുരുമഹിമയുടെ 'പുണ്യവാഹിനി' ക്യാമ്പ് ഏപ്രിൽ 26 മുതൽ ആരംഭിക്കും. ശാന്തിഗിരി ഗുരുകാന്തിയുടെ 'സ്നേഹസുമങ്ങൾ' അവധിക്കാല ക്യാമ്പും ഈ കാലയളവിൽ നടക്കും. ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം സംഘടിപ്പിക്കുന്ന നവഒലി ശാന്തിസംഗമം ഏപ്രിൽ അവസാനവാരം ആരംഭിക്കുന്നതാണ്. സംസ്ഥാനത്തിന്പുറത്തും വിവിധ രാജ്യങ്ങളിലും ആഘോഷപരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

# ശാന്തിഗിരി ആയുർവേദ സിദ്ധ വൈദ്യശാലയ്ക്ക് സ്കോച്ച് ഓർഡർ ഓഫ് മെറിറ്റ് അവാർഡ്

**ന്യൂഡെൽഹി:** സാമൂഹിക സാമ്പത്തിക മേഖലകളിൽ നവീനമായ ആശയങ്ങൾ രൂപീകരിക്കുന്നതിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ച വച്ചതിനുള്ള ഈ വർഷത്തെ 'സ്കോച്ച് ഓർഡർ ഓഫ് മെറിറ്റ് അവാർഡ്', ശാന്തിഗിരി ആയുർവേദ സിദ്ധ വൈദ്യശാലക്ക് ലഭിച്ചു. 2019 മാർച്ച് 23 ന് ന്യൂഡൽഹിയിലെ കോൺസ്റ്റിട്യൂഷൻ ക്ലബ്ബ് ഓഫ് ഇന്ത്യയിൽ നടന്ന പ്രൗഢഗംഭീരമായി ചടങ്ങിൽ വച്ച് ശാന്തിഗിരി ആശ്രമം ന്യൂഡൽഹി സോണൽ ഓഫീസ് ഇൻചാർജ് ആദരണീയ സ്വാമി ഭക്തദത്തൻ ജ്ഞാനതപസ്വി അവാർഡ് ഏറ്റുവാങ്ങി.അവാർഡ് നിർണയത്തിന്റെ പ്രാരംഭമെന്നോണം 2019 മാർച്ച് 5 ന് മുംബൈ നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് ഓഫ് ഇന്ത്യയിൽ വിദഗ്ദ്ധ ജൂറിയുടെ മുന്നിൽ വച്ച് ശാന്തിഗിരി ആയുർവേദ സിദ്ധ വൈദ്യശാലയുടെ പാരമ്പര്യത്തെക്കുറിച്ചും ശാന്തിഗിരിയുടെ ആരോഗ്യ ധർമ്മസിദ്ധാന്തത്തെക്കുറിച്ചും ആതുരസേവന പ്രവർത്തനങ്ങളെക്കുറിച്ചും വൈദ്യശാലയിലെ സിദ്ധ വിഭാഗം ഡെപ്യൂട്ടി മെഡിക്കൽ ഓഫീസർ ഡോ. ബ്രഹ്മദത്തൻ യു അവതരണം നടത്തി. ഇതുകൂടി പരിഗണിച്ചാണ് 'സ്കോച്ച് ഓർഡർ ഓഫ് മെറിറ്റ്' അവാർഡ് വൈദ്യശാലയ്ക്ക് നൽകാൻ തീരുമാനിച്ചത്.


'സ്കോച്ച് ഓർഡർ ഓഫ് മെറിറ്റ് അവാർഡ്" സ്വാമി ഭക്തദത്തൻ ജ്ഞാനതപസ്വി ഏറ്റുവാങ്ങുന്നു

ലോകജനത ഏറെ പ്രതീക്ഷയോടെയാണ് ഭാരതീയ വൈദ്യശാസ്ത്രങ്ങളെ കാണുന്നത്. കർമ്മപരമായി നാം ആർജിച്ചു വച്ചിരിക്കുന്ന പുണ്യക്കുറവ് ഇഹജീവിതത്തിൽ രോഗദുരിതങ്ങളായി വന്നു ഭവിക്കുന്നു. ഇവ നിവാരണം ചെയ്യുവാൻ കേവലം ഒരു ചികിത്സാവിധി കൊണ്ടുമാത്രം കഴിയണമെന്നില്ല. ഈ സാഹചര്യത്തിൽ ഇന്നോളം വന്നിട്ടുള്ള സകല ചികിത്സാ സമ്പ്രദായങ്ങളും ഒരു കുടക്കീഴിൽ ഒന്നിച്ച് പരസ്പരം പങ്കുവച്ച് സമഗ്രമായ ഒരു ചികിത്സാ പദ്ധതി രൂപികരിക്കുക, അവയ്ക്ക് കാലധർമ്മത്തിനിണങ്ങുന്ന മാറ്റങ്ങൾ ഒരു കാലാന്തര ഗുരുവിലൂടെ കണ്ടെത്തി ഉൾച്ചേർത്ത് ശക്തിപ്പെടുത്തി രോഗാതുരന്റെ ആശ്വാസത്തിനായി വിനിയോഗിക്കുക എന്നിവയാണ് ശാന്തിഗിരിയുടെ ആതുരസേവന രംഗത്തിന്റെ കാതലായ ലക്ഷ്യവും മാർഗരേഖയും. ഈ മഹാലക്ഷ്യത്തിലേക്കുള്ള പാതയിലാണ് ശാന്തിഗിരിയുടെ ആതുരശുശ്രൂഷാ കേന്ദ്രങ്ങളും ആയുർവേദ സിദ്ധ വൈദ്യശാലയും.

നാലു ദശാബ്ദത്തിലേറെ പ്രവർത്തി പരിചയവും പാരമ്പര്യവും കാത്തുസൂക്ഷിക്കുന്ന ശാന്തിഗിരിയുടെ ഔഷധ നിർമ്മാണ മേഖല ഇന്ന് സജീവമായ വികസനത്തിന്റെ പാതയിലാണ്. ഇവിടുത്തെ ഔഷധങ്ങളും ഉത്പന്നങ്ങളും എന്നും ഗുണമേന്മയുടെ പര്യായമായിരുന്നു. കാലാനുസൃതമായതും പാരമ്പര്യത്തിനിണങ്ങുന്നതുമായ മാറ്റങ്ങളിലേക്ക് നിർമ്മാണ ശാലയേയും ഔഷധങ്ങളേയും കൊണ്ടെത്തിക്കാനുള്ള ആത്മാർത്ഥമായ പരിശ്രമം നടന്നുവരികയാണ്. വളർച്ചയുടെ ഓരോ ഘട്ടത്തിലും ഗുരുവിന്റെ നിർദേശം വഴികാട്ടിയാകുന്നു. ഈ ശ്രമങ്ങൾക്കു ലഭിക്കുന്ന അംഗീകാരങ്ങൾ ആഹ്ലാദത്തിലുപരി ഒരു വലിയ ഉത്തരവാദിത്വത്തിന്റെ ഓർമ്മപ്പെടുത്തലാണ്. 106 ശാസ്ത്രീയ സിദ്ധ ഔഷധങ്ങളും 203 ശാസ്ത്രീയ ആയുർവേദ ഔഷധങ്ങളും കൂടാതെ ഗുരുകല്പിതവും അനുഭവവേദ്യവുമായ 90 ൽ അധികം തനത് ഔഷധങ്ങളും വിപണനം ചെയ്യാൻ വൈദ്യശാലയ്ക്ക് നിർമ്മാണാനുമതിയുണ്ട്.

# ഗുരുവാണി

നിങ്ങളിതു സൂക്ഷിച്ചു ചെയ്തെടുത്താൽ ഇവിടെ കണക്കില്ലാത്ത ആളുകൾ വന്നുപോകും. നിങ്ങളെക്കൊണ്ട് നിങ്ങൾക്കോ നിങ്ങളുടെ വീടിനോ മാത്രമല്ല, ലോകത്തിനാണ് ഗുണം സംഭവിക്കുന്നത്. മനസ്സിനു ഈശ്വരങ്കൽ മാത്രമേ അടിമത്തം പാടുള്ളൂ. അത്തരമൊരു മാനസികനിലയിൽ ഇന്നു നിങ്ങൾ ദർശിച്ചറിയുന്നതിനെപ്പറ്റി ചിന്തിച്ചുറച്ചാൽ ആറു മാസം കൊണ്ട് ലോകത്തിന്റെ ഗതിവിഗതികളെ വിവേചിച്ചറിയാൻ കഴിയും. മൂന്നു വർഷംകൊണ്ട് ഏതൊരു വ്യക്തിയുടെയും രാജ്യത്തിന്റെയും ഭൂതം, ഭാവി, വർത്തമാനങ്ങളെപ്പറ്റി വ്യക്തമായി ധരിക്കാനും പ്രവചിക്കാനും കഴിയുന്ന ഒരു സ്വഭാവമുണ്ടാകും.

നിങ്ങൾ നിങ്ങൾക്കു മാന്യത കൽപ്പിച്ചാൽ നിങ്ങളിൽക്കൂടി വലിയ വലിയ കാര്യങ്ങൾ നടക്കും. ലോകത്തു നടക്കുന്ന നല്ല കാര്യങ്ങൾ നിങ്ങളിൽക്കൂടിയാണ് നടക്കുന്നതെന്ന് ജനങ്ങൾ പറയും. എത്ര മാരകമായ രോഗവും ഒരാഴ്ച കൊണ്ടു മാറും.

ശിഷ്യൻമാരോട് ഗുരുവിന് ക്ഷോഭമുണ്ടാകാൻ ഇടവരരുത്. അത് വലിയ നഷ്ടങ്ങൾ വരുത്തിവയ്ക്കും. നിങ്ങളിൽ ഒരാൾക്ക് ചിന്താശീലം വന്നാൽമതി, എല്ലാവരും നേരെയാകും. ദൈവം തന്ന ഈ വക എന്താക്കി മാറ്റേണ്ടതാണ് ഞങ്ങൾ, എന്നു നിങ്ങൾ ചിന്തിക്കണം. ആർക്കും ഒരു തെറ്റും ഇവിടെ വന്നു പ്രവർത്തിക്കുവാൻ കഴിയുകയില്ല. അവൻ നശിച്ചുപോകും. നശിക്കാൻ വേണ്ടി ഞാനൊരുപക്ഷേ ഒന്നും ചെയ്യുകയില്ലായിരിക്കും. കാരണം ഇവർ അടിക്കടി വന്നു കാലിൽ വീഴുന്നവരാണല്ലോ. പക്ഷെ പ്രകൃതി അവരെ നശിപ്പിച്ചുകളയും. പിന്നെ എനിക്കൊന്നും ചെയ്യാൻ കഴിയുകയില്ല.

ലോകത്തിന് ശാന്തിയും സമാധാനവും നൽകലാണ് നമ്മുടെ ലക്ഷ്യം. മലയെ ചീപ്പുനൂലുകെട്ടി വലിക്കുന്നതുപോലെയാണ് ഈ കർമ്മം. വന്നാൽ ഒരു മലയാണ് വരുന്നത്. പോയാലോ, കേവലമൊരു ചീപ്പുനൂലുമാത്രം. അത്രത്തോളം കരുതലുള്ള ഒരു സ്നേഹസ്വഭാവമുണ്ടാകണം. അതിന്റെ ത്യാഗവും അതിന്റെ സ്നേഹവും നാം അനുഭവിച്ചറിഞ്ഞതിനുശേഷമേ നമുക്കു നന്മയുണ്ടാവുകയുള്ളൂ.

നിങ്ങളുടെ ഒരു സഹവർത്തിക്ക് ചെറിയൊരു പോരായ്മ ഉണ്ടായെന്നു വയ്ക്കുക. അതിനെ നാലുപേർ കൂടിച്ചേർന്ന് പരസ്പരം പറഞ്ഞു വലുതാക്കരുത്. അങ്ങനെ ചെയ്താൽ അതിൽ നിന്ന് മറ്റൊരു ദോഷമുണ്ടാകും. എന്നാൽ രഹസ്യമായി ഉപദേശരൂപേണ കൈകാര്യം ചെയ്താൽ ആ പോരായ്മ മാറും. ഇതെല്ലാം നമുക്കിവിടെ അനുഭവമാണല്ലോ.

എത്ര ബഹളവും കൊണ്ടുവരുന്നവരായാലും ഇവിടെ വരുമ്പോൾ ശാന്തരായിട്ടാണല്ലോ നിങ്ങൾ കാണുന്നത്. നമ്മുടെ പ്രാർത്ഥനകൊണ്ട് ഈ അന്തരീക്ഷത്തിനു കൈവന്നിട്ടുള്ള മഹിമയാണ് അതിന് കാരണം. മുമ്പിവിടെ വരുന്നവർ രോഗശാന്തിക്കു വേണ്ടിയാണ് വന്നിരുന്നത്. ഇപ്പോൾ അറിവുള്ളവരും ആത്മീയവിഷയത്തെപ്പറ്റി അറിയാൻ ജിജ്ഞാസയുള്ളവരും വരുന്നുണ്ട്. അതും നമ്മുടെ പ്രാർത്ഥനയുടെ ഫലമാണ്. നാം ചെയ്യുന്നതിന്റെ ഇരട്ടി ഫലം ഈശ്വരൻ നമുക്കു തരും. എത്ര പഠിച്ചവൻ വന്നാലും നമ്മെ വണങ്ങുന്നു. ബാംഗ്ലൂരിൽ നിന്നും വന്ന സന്ന്യാസി പറഞ്ഞതെന്താണ്? ഈ ഗേറ്റ് കയറിയപ്പോൾ മുതൽ ശ്വസിച്ച വായുവിന്റെ മഹിമ പറഞ്ഞറിയിക്കാൻ കഴിയുന്നില്ലെന്ന്, ഇത്രയും പരിശുദ്ധമായൊരു അന്തരീക്ഷം മറ്റൊരു ആശ്രമത്തിലും അനുഭവപ്പെട്ടിട്ടില്ലെന്ന്.

ഈ അന്തരീക്ഷം ശുദ്ധമായതുകൊണ്ട് വേണ്ടാത്ത സ്വഭാവത്തിൽ ആർക്കും കയറിവരാൻ കഴിയുകയില്ല. അങ്ങനെയുള്ളവർക്ക് നിൽക്കാൻ കഴിയാത്തൊരു ചുറ്റുപാടാണ് ഇവിടെയുള്ളത്. നിങ്ങൾക്കു കിട്ടുന്ന സമയം എന്തു ചെയ്യണം, എങ്ങനെ പ്രയോജനപ്പെടുത്തണം എന്നേ നിങ്ങൾ ചിന്തിക്കേണ്ടതുള്ളൂ. ചെയ്യുന്നതിനും ചിന്തിക്കുന്നതിനും ഫലം സിദ്ധിക്കും. കാശുവരവ് കുറവായിരിക്കാം, ഐശ്വര്യം കൂടുതലാണ്.

## വചനദീപ്തി

ബോധനം, പഠിപ്പ്, ധ്യാനം എന്നിവയേക്കാളും ആവശ്യം ഗുരുകൃപയാണ്. ഗുരുകൃപയുണ്ടെങ്കിൽ സാക്ഷാത്കാരം സിദ്ധിക്കും.

**ശ്രീരമണമഹർഷി**

### സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

2019 ഏപ്രിൽ 12- **ലക്ഷ്മിപുരം, കാഞ്ഞാംപാറ**

ഏപ്രിൽ 13- **ശാന്തിഗിരി ജംങ്ഷൻ**

### യാമപ്രാർത്ഥന

2019 ഏപ്രിൽ 11 12 AM - 3 AM

### പൗർണ്ണമി

2019 ഏപ്രിൽ 18, വ്യാഴം

# ശിഷ്യൻ ഗുരുവിനെ അറിയും. എങ്ങനെ?

പ്രകാശപഥം

ഗുരു നമ്മുടെ മുമ്പിൽ എല്ലാമായിട്ടു നിൽക്കുന്നു. ആ ആത്മസ്വരൂപം ആത്മാവിനെ നിവേദിച്ചറിയുന്ന ധർമത്തിന്റെ പാതയിലേക്ക് നമ്മെ അടുപ്പിക്കുന്നു. എവിടെയാണ് ആ സ്വരൂപത്തിന്റെ അവസ്ഥാന്തരം? അല്ലെങ്കിൽ ആ തപശ്ചര്യയിൽ ഗുരു അനുഭവിച്ച ത്യാഗത്തിന്റെ സുകൃതം എവിടെയാണ്? അത് ഇരുപത്തിയഞ്ച് ചതുർയുഗങ്ങളായിട്ട് എങ്ങനെയാണ്? ആ ഇരുപത്തിയഞ്ച് ചതുർയുഗങ്ങളിലെ തെറ്റിനെ തിരുത്താൻ, ബ്രഹ്മം തന്റെ ഗുരുവിന്റെ രൂപത്തെ ഈ ഭൂലോകത്തിലേക്ക് കൊണ്ടുവന്നതെന്ന് അനുഭവിച്ചറിയുന്ന ഒരു സത്യം, ആ സത്യത്തിന്റെ പൂർത്തീകരണസ്വഭാവം ഇന്നതുപോലെയാണെന്ന് തന്റെ ഗുരു അനുഭവം കൊണ്ട് കാണിച്ചു തരും.

ആ അനുഭവം മറ്റൊന്നുമല്ല. ശിഷ്യൻ ഗുരുവിനെ അറിയും. എങ്ങനെ? തന്റെ ഓരോ നിമിഷാർധം താൻ പങ്കുവെച്ച എല്ലാ വേദനയിലും സുഖത്തിലും ദുഃഖത്തിലും യുഗാന്തരങ്ങളായും ഇപ്പോഴുള്ളതും കഴിഞ്ഞുപോയതും ഇനി വരാനിരിക്കുന്നതുമായ ദീർഘദർശിത്വം കൊണ്ട് ശിഷ്യൻ അറിയുന്ന ഗുരു. ആ ഗുരുവാണ് കാലാന്തരഗുരു. ആ കാലാന്തരഗുരു എങ്ങനെയെല്ലാം ഭൂമികകളിൽ ജന്മം എടുത്തിരുന്നു. ഏതെല്ലാം യുഗങ്ങളിൽ, മന്വന്തരങ്ങളിൽ ഏതെല്ലാം ശ്രേണികളിൽപ്പെട്ട് ജീവിതം ആരോടൊക്കെയൊത്ത് ജീവിച്ചിരുന്നു എന്ന് നാം അനുഭവിച്ചുതന്നെ അറിയണം. ആ അനുഭവസാക്ഷിത്വത്തെ 'ത്രിപുടി മുടിഞ്ഞ് തെളിഞ്ഞിടുന്ന ദീപം കപടയതിക്ക് കരസ്ഥമാകില്ല" എന്നാണ് വിവക്ഷിച്ചിരിക്കുന്നത്. ഈ ത്രിപുടി എന്താണ്? ഈ സന്ന്യാസി എവിടെയാണ്? അല്ലെങ്കിൽ ഈ ഭക്തൻ എവിടെയാണ്? അല്ലെങ്കിൽ ഈശ്വരൻ എവിടെയാണ്? ഞാൻ ഈശ്വരനെ കണ്ടിട്ടുണ്ടോ എന്നു ചോദിച്ചാൽ നിങ്ങളെ കാണുന്നതിനേക്കാൾ വ്യക്തവും പൂർണ്ണവുമായ സ്വരൂപ അരൂപങ്ങളോടുകൂടി എന്റെ ഗുരുവിൽക്കൂടി ഈശ്വരനെ അറിയുന്നു, അല്ലെങ്കിൽ ദൈവത്തെ അറിയുന്നു, അല്ലെങ്കിൽ പരബ്രഹ്മത്തെ അറിയുന്നു, എന്നു പറയാൻ കരുത്താർജ്ജിച്ച ഒരു ശിഷ്യപരമ്പരയാണ് നാം. അങ്ങനെ ബ്രഹ്മം എന്താണെന്നും ഏതാണ് ബ്രഹ്മപ്രകാശമെന്നും പരബ്രഹ്മപ്രകാശം എന്താണെന്നും എന്താണ് ഈ ഒലിയെന്നും ആ ഒലിയിൽവച്ച് ഏതെല്ലാം ഒലികൾചേർന്നാണ് മറ്റൊരു ഒലിയെന്നും താൻ സൂക്ഷിച്ചുവച്ചിരുന്ന തപശ്ചര്യയിൽ നിന്നും അടർത്തിയെടുത്തതുപോലെ മാംസക്കണ്ണിനും ഗോചരമായി തന്റെ ഗുരു 'പ്രത്യക്ഷാവഹം ധർമം' എന്ന നിലയിൽ തന്റെ ശിഷ്യന് കാട്ടിക്കൊടുക്കുന്നു.

ഞാൻ ചെറുപ്പത്തിലേ കണ്ട ഒരനുഭവം നിങ്ങളോട് പറയാം. കാരണം ചെറുപ്പസ്വഭാവത്തിൽ ഗുരുവിനോടൊത്തു കഴിഞ്ഞപ്പോൾ ഗുരു പലപ്പോഴും എന്നോട് പറയുമായിരുന്നു; "നീ നോക്കൂ, ഇന്നതുപോലെ ചെയ്യേണ്ടേ, ഇന്നതു ചെയ്താൽ ഇന്നതുപോലെ വരുമോ......?" അതീവരഹസ്യങ്ങളായ നിഗൂഢാത്മകമായ കാര്യങ്ങൾ പോലും ഗുരു ചോദിച്ചു മാത്രമേ ചെയ്യാറുള്ളൂ. അപ്പോഴൊക്കെ ഞാൻ ചിന്തിച്ചിട്ടുണ്ട്. എന്റെ മാനുഷികമായ ചിന്തയിൽ ഗുരു എല്ലാമായിട്ടിരിക്കുമ്പോൾ എന്തിനാണ് എന്നെക്കൊണ്ട് ഗുരു വീണ്ടും വീണ്ടും ഇങ്ങനെ നോക്കിക്കുന്നതെന്ന്? എന്റെ സംശയം ആ രൂപത്തോടുതന്നെ നോക്കി ഞാൻ കണ്ണീർ വാർത്ത രംഗങ്ങൾ എന്റെ മനസ്സിൽ എത്രയോ കടന്നുപോകുന്നു. കാരണം ഗുരു ആരാണെന്ന് എനിക്കറിയാം. ഗുരുവിനും അറിയാം. ഗുരു ദൈവമാണെന്ന് അനുഭവിച്ച് ഞാൻ അറിയുന്നു. ബ്രഹ്മമാണെന്ന് അനുഭവിച്ചറിയുന്നു. ഗുരുവിന്റെ മന്വന്തരപ്പടവുകൾ അനുഭവിച്ചു ഞാനറിയുന്നു. ആ അറിയുന്ന സന്ദർഭത്തിൽ എന്റെ ഗുരുവിനെ ഞാൻ എങ്ങനെ ബോധ്യപ്പെടുത്തും എങ്ങനെ ബോധ്യപ്പെടുത്തുകയില്ല എന്ന് മനുഷ്യരാശിയുടെ മുമ്പിൽ എന്റെ അനുഭവമല്ലാതെ എനിക്ക് പങ്കുവെക്കാൻ മറ്റൊന്നുമില്ല.

( '**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ**' അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന് )

# എല്ലാം ഗുരുവിലുണ്ട് എടുത്തുകൊള്ളണം

ഗുരുശിഷ്യബന്ധത്തെപ്പറ്റി വേണ്ടത്ര അറിവു നമുക്കിടയിൽ ഉണ്ടായിട്ടുണ്ടോ എന്ന് സംശയമാണ്. പുരാണേതിഹാസകൃതികളിൽനിന്നു വായിച്ചെടുത്ത ചില അറിവുകളാണ് ഇതേക്കുറിച്ചു മൊത്തത്തിൽ നമുക്കുള്ളത്. ഇതിലാവട്ടെ അനുഗ്രഹനിഗ്രഹങ്ങളാണു കൂടുതൽ. ഒരു ഗുരു അല്ലെങ്കിൽ ആചാര്യൻ ഗുരുദക്ഷിണയായി ശിഷ്യനിൽനിന്നു പെരുവിരൽ ആവശ്യപ്പെട്ടു എന്ന് ഒരു കഥ. വേറൊരു കഥ, ഇഷ്ടത്തിൽ നിന്നപ്പോൾ എല്ലാം നൽകിയെന്നും ഇഷ്ടത്തിൽ തെറ്റിയപ്പോൾ ശപിച്ചു എന്നുമാണ്. പരശുരാമനും കർണനുമായി ബന്ധപ്പെട്ടുള്ള കഥയാണിത്.

ജ്ഞാനവഴിക്കുള്ള ഗുരുശിഷ്യബന്ധത്തിന്റെ പരാമർശം അധികമെങ്ങും കാണുന്നില്ല. ഗുരുവും ശിഷ്യനും കൂടെ ഇരുന്നു പങ്കുവച്ച ഉപനിഷത് അറിവിനെ വിസ്മരിക്കുന്നില്ല. പക്ഷേ അത് ഏതുവിധം പ്രവർത്തിച്ചു എന്നാർക്കും നിശ്ചയമില്ല. പ്രത്യക്ഷം, അശരീരി, പ്രകാശത്തിൽനിന്നുള്ള വാക്ക് എന്നൊക്കെ പറയുന്നു. പക്ഷേ ഇതെന്താണെന്ന് സാധാരണ മനുഷ്യർക്കറിയാൻ നിർവാഹമില്ല. സാധാരണ മനുഷ്യർ കാണുന്നതും കേൾക്കുന്നതും അനുഭവിക്കുന്നതും അവന്റെ ജീവിതമാണ്. അതിലിതൊന്നും വരുന്നില്ല. അവനെ സംബന്ധിച്ചിടത്തോളം താനനുഭവിക്കുന്ന ജീവിതപ്രയാസങ്ങളുടെ നിവർത്തീകരണമാണു വിഷയം. അതുമായി ബന്ധപ്പെട്ടുള്ള അറിവില്ലാതെ അവനു സ്വീകരിക്കാൻ പ്രയാസമാണ്.

"വേദാന്തം തികഞ്ഞ സോഷ്യലിസമാണ്. പക്ഷേ അതുകൊണ്ട് എന്തു നേട്ടം? ശാന്തിഗിരിയുടേത് ഒരു ധാർമികവശമാണ്. അത് തൊഴിലാളിവശമോ മറ്റൊന്നോ അല്ല. എല്ലാവർക്കും എല്ലാം കിട്ടണം."- അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം ഗുരു ഇങ്ങനെ പറയുന്നു. "സകല സന്ന്യാസിക്കും സകല ബ്രഹ്മചാരിക്കും സകല ധർമ്മമാർഗിക്കും പറ്റിയതാണ് ശാന്തിഗിരിയുടെ ദർശനം" എന്നും ഗുരു പറയുന്നു. പക്ഷേ ഇത് നമ്മൾ എടുക്കണം. എടുത്താലേ കിട്ടൂ. എടുക്കുന്നിടത്തോളമേ കിട്ടൂ. എടുക്കുന്നതുപോലെയേ കിട്ടൂ. വെള്ളം കൈകൊണ്ടെടുത്താൽ കൈയോളം, കപ്പുകൊണ്ടെടുത്താൽ കപ്പോളം എന്നു പറയുംപോലെയാണിത്. താനിത്രകൊല്ലമായി ഗുരുവിനെ അറിയുന്നു, താനിന്നതുപോലെയൊക്കെ ചോദിച്ചു, ഇന്നതുപോലെയൊക്കെ പറഞ്ഞു, ഇന്നതുപോലെയൊക്കെ പ്രവർത്തിച്ചു എന്നു പറയുന്നതിലൊന്നും വലിയ കഴമ്പില്ല. നമ്മുടെ ജീവന്റെ ശേഷിത്വമായി നിൽക്കുന്ന പുണ്യ-ഭാഗ്യത്തിന്റെ വലുപ്പത്തോളമേ എന്തും ഉതകികിട്ടൂ. പുണ്യവും ഭാഗ്യവും വർദ്ധിപ്പിച്ചെടുക്കാനുതകുന്ന ഒരു ജീവിതരീതിയാണ് നമുക്കു വേണ്ടത്. ആ ജീവിതരീതിയാണു ഗുരു നമുക്കു തന്ന ആശ്രമസ്വഭാവം. ഇത് ഒരു മാതൃകയായി എടുത്തിട്ട് ഇതുപോലെ വീട്ടിൽ ചെയ്യുമ്പോൾ വീട് ആശ്രമം പോലെയാവുന്നു. ഇതാണതിന്റെ കർമവശം.

ഗുരുവിൽ എല്ലാമുണ്ട്. നമ്മൾ എടുത്തുകൊള്ളണം. ഗുരു അങ്ങനെയാണ്, ഇങ്ങനെയാണ് എന്നു പറഞ്ഞാൽ നമ്മൾ അങ്ങനെയാവില്ല. "ഞാൻ നല്ലതാണെന്നു പറഞ്ഞാൽ നിങ്ങൾ നന്നാവുമോ?" എന്നു ഗുരു ചോദിക്കാറുണ്ട്. നമ്മൾ നന്നാവണം. എങ്ങനെ? നമ്മുടെ വാക്കെന്താവണം, പ്രവൃത്തിയെന്താവണം, മനസ്സും സ്വഭാവവും എന്താവണമെന്നു നമ്മൾ ചിന്തിക്കണം. താനിന്നതേ ആവൂ, ഇന്നതാവില്ല എന്ന തീർപ്പും നമുക്കുണ്ടാകണം. നമ്മുടെ വീടും നാടും രാജ്യവും ലോകവും നന്നാവണം. അതിനുള്ള വഴിയാണ് നമ്മുടെ ഗുരു.



മാർക്കറ്റിംഗ് ആനുവൽ മീറ്റിങ് സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്യുന്നു

## ആനുവൽ മീറ്റ് നടന്നു

**സ്പിരിചൽ സോൺ:** ശാന്തിഗിരി ഹെൽത്ത്കെയർ പ്രോഡക്ട് മാർക്കറ്റിംഗ് ഡിവിഷന്റെ ആനുവൽ റിവ്യൂ മീറ്റിങ് ഏപ്രിൽ 4ന് നടന്നു. സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്തു. മീറ്റിംഗിനോടനുബന്ധിച്ച് സ്റ്റാഫുകളുടെ കുടുംബസംഗമവും സംഘടിപ്പിച്ചിരുന്നു. മികച്ച പെർഫോമൻസിനുള്ള ഉപഹാരങ്ങളും മീറ്റിംഗിൽ വിതരണം ചെയ്തു. മികച്ച ഏരിയ മാനേജരായി ബിനുകുമാർ സി.ആർ, രവീന്ദ്രൻ എ പി, ഏജൻസി വിസിറ്റിംഗ് ഡോക്ടറായി ഡോ. തൃഷ്ണ നാഥ് ജെ, ഡോ. ചിത്ര ആർ, സെയിൽസ് എക്സിക്യൂട്ടീവ് വിപിൻ സി എന്നിവർക്കാണ് ഉപഹാരങ്ങൾ ലഭിച്ചത്. സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വിയുടെ ബോധവത്കരണ ക്ലാസ്സ് ഉണ്ടായിരുന്നു. മീറ്റിംഗിനെ തുടർന്ന് കന്യാകുമാരിയിലേക്ക് വിനോദയാത്രയും സംഘടിപ്പിച്ചു.

## പരിശീലന ക്ലാസ്സ്

**റിസർച്ച് സോൺ:** ശാന്തിഗിരി വിശ്വസംസ്കൃതി കലാരംഗത്തിൽ വിവിധ സംഗീത പരിശീലന ക്ലാസ്സുകൾക്കുള്ള പുതിയ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. കർണാടക സംഗീതം (വോക്കൽ), ഗിത്താർ, വയലിൻ, കീബോർഡ്, ചെണ്ടമേളം, പഞ്ചവാദ്യം, നാദസ്വരം പഠിക്കുവാൻ താല്പര്യമുള്ളവർ ബന്ധപ്പെടുക:
8111975007, 9961295748.

## യോഗ ട്രെയിനിംഗ്

**ഹെൽത്ത്കെയർ സോൺ:** ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യോഗയുടെ ആഭിമുഖ്യത്തിൽ ഗൃഹസ്ഥാശ്രമസംഘം, ശാന്തിമഹിമ, ഗുരുമഹിമ പ്രവർത്തകർക്കായി 15 ദിവസം നീണ്ടുനിൽക്കുന്ന പരിശീലന ക്ലാസ് നൽകുന്നു. ദിവസേന 1 മണിക്കൂറാണ് പരിശീലനം. ഫീസ് 200 രൂപ.
ഫോൺ: 9249439022, 7339370931, 8111882440.

## വിവാഹിതരായി



പത്തനംതിട്ട കോന്നി പൂവൻപാറ അഭയത്തിൽ റ്റി.സി. ജയലളിതയുടെ മകൻ അഖിൽദേവ് വി.പി.യും കോഴിക്കോട് കക്കോടി കിഴക്കുംമുറി കേയത്ത് വീട്ടിൽ എം.സുരേഷ്ബാബുവിന്റേയും ഷീബയുടേയും മകൾ ഡോ. വന്ദിത കെ.എസും മാർച്ച് 24ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.



പാലക്കാട് തത്തമംഗലം ശാന്താനിലയത്തിൽ കെ.സുകേശന്റേയും രത്നം സുകേശന്റേയും മകൻ സന്തോഷ് എസും പാലക്കാട് നൂറണി ത്രിവേണി നഗർ ഗുരുസ്തുതിയിൽ കെ.മദൻമോഹന്റേയും കെ. പാർവതികുട്ടിയുടേയും മകൾ ഡോ. ദിവ്യ കെ.യും മാർച്ച് 27ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.

# 'പ്രിയത' ആരോഗ്യപദ്ധതി കോഴിക്കോട് ജില്ലാതല ഉദ്ഘാടനം നടന്നു

**കോഴിക്കോട്:** ശാന്തിഗിരി ആശ്രമം വജ്രജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് ശാന്തിഗിരി ഹെൽത്ത്കെയർ & റിസർച്ച് ഓർഗനൈസേഷൻ, ശാന്തിഗിരി മാതൃമണ്ഡലം, ശാന്തിഗിരി ഗുരുമഹിമ എന്നീ സാംസ്കാരിക ഡിവിഷനുകളുമായി ചേർന്ന് സംഘടിപ്പിച്ചിരിക്കുന്ന 'പ്രിയത' സ്ത്രീകൾക്കുള്ള സമ്പൂർണ്ണ ആരോഗ്യ സംരക്ഷണ പദ്ധതിയുടെ കോഴിക്കോട് ജില്ലാതല ഉദ്ഘാടനം മാർച്ച് 31ന് നടന്നു. മുൻമന്ത്രി എം ടി പത്മ ഉദ്ഘാടനം നിർവ്വഹിച്ചു. ലോകത്തിലെ ഏറ്റവും ശക്തരായ 100 വനിതകളിൽ ഒരാളായി ബിബിസി തെരഞ്ഞെടുത്ത പി.വിജി ചടങ്ങിൽ വിശിഷ്ടാതിഥിയായി. ശാന്തിഗിരി ആശ്രമം കോഴിക്കോട് ഏരിയ ഹെഡ് ജനനി പൂജ ജ്ഞാനതപസ്വിനി അധ്യക്ഷത വഹിച്ചു. കോഴിക്കോട് കോട്ടപ്പറമ്പ് വുമൺ ആന്റ് ചിൽഡ്രൻ ഹോസ്പിറ്റലിലെ ചീഫ് ന്യൂട്രീഷൻ സുധീന കെ, ശാന്തിഗിരി ഹോസ്പിറ്റൽ നടക്കാവ് സീനിയർ മെഡിക്കൽ ഓഫീസർ ഡോ. അംബിക എം, ശാന്തിഗിരി ഹോസ്പിറ്റൽ വെസ്റ്റ്ഹിൽ അസിസ്റ്റന്റ് മെഡിക്കൽ ഓഫീസർ ഡോ. അഞ്ജു യു എന്നിവർ സംസാരിച്ചു. സൗജന്യ വൈദ്യപരിശോധന ക്യാമ്പും സംഘടിപ്പിച്ചു.



'പ്രിയത' ജില്ലാതല ഉദ്ഘാടനം മുൻമന്ത്രി എം ടി പത്മ നിർവഹിക്കുന്നു



'സ്കോച്ച് ഓർഡർ ഓഫ് മെറിറ്റ് അവാർഡി'നായി ഡോ.ബ്രഹ്മദത്തൻ യു വിഷയാവതരണം നടത്തുന്നു

## സർട്ടിഫിക്കറ്റ് വിതരണം ചെയ്തു

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ കെ.ജി. സെക്ഷനിൽ നിന്ന് ഒന്നാം ക്ലാസ്സിലേക്ക് പോകുന്ന കുട്ടികൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. മാണിക്കൽ പഞ്ചായത്ത് പ്രസിഡന്റ് എസ്. സുജാത ചടങ്ങ് ഉദ്ഘാടനം ചെയ്തു. സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി അദ്ധ്യക്ഷനായിരുന്നു. വൈസ് പ്രിൻസിപ്പാൾ സ്മിജേഷ് എസ്.എം., രാധമ്മ എ., പി. വിജയകുമാരി, എം.പി. പ്രമോദ്, എസ്. സഹീറത്ത് ബീവി, അരുൺ പ്രസാദ്, ഡി.ലളിതാംബിക തുടങ്ങിയവർ പങ്കെടുത്തു.




കെ. ജി കുരുന്നുകൾ അവതരിപ്പിച്ച കലാപരിപാടിയിൽ നിന്ന്



## 'വിസ്മയമോഹനം'









# മധുപാലിനും അനിൽ ചേർത്തലയ്ക്കും വൈക്കം മുഹമ്മദ് ബഷീർ പുരസ്കാരം

**കോഴിക്കോട്:** വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണവേദിയും കണ്ണൂരിലെ എയ്റോസിസ് കോളേജും ചേർന്ന് ഏർപ്പെടുത്തിയ ബഷീർ സാഹിത്യ പുരസ്കാരം മധുപാലിനും അനിൽ ചേർത്തലയ്ക്കും ലഭിച്ചു. കഥാ വിഭാഗത്തിലാണ് മധുപാലിന് അവാർഡ് ലഭിച്ചത്. 'കഥ' ചെറുകഥാ സമാഹാരത്തിനാണ് അവാർഡ്.അനുഭവ വിവരണത്തിനാണ് അനിൽ ചേർത്തലയ്ക്ക് അവാർഡ് ലഭിച്ചത്. 'കാരുണ്യത്തിന്റെ നിറവ്'ന്റെ രണ്ടാം ഭാഗമായി ഗുരു നാമകരണം നൽകിയ 'ഹൃദയപുഷ്പം' എന്ന പുസ്തകത്തിനാണ് അവാർഡ്. ഗുരുവിനോടടുത്തുള്ള ജീവിതവഴിയിലെ അനുഭവങ്ങളാണ് ഈ പുസ്തകത്തിലെ ഉള്ളടക്കം. വിൻകോ ബുക്സാണ് പ്രസാധകർ. ഡോ. കെ.എസ് ട്രീസ, നടൻ ഇബ്രാഹിം കുട്ടി തുടങ്ങിയവർക്കാണ് മറ്റ് പുരസ്കാങ്ങൾ. ചലചിത്ര നിർമ്മാതാവ് പി വി ഗംഗാധരൻ, മോഹൻ കുപ്ലേരി, പി ആർ നാഥൻ എന്നിവരടങ്ങിയ ജൂറിയാണ് ജേതാക്കളെ തെരഞ്ഞെടുത്തത്. പുരസ്കാര വിതരണം ഏപ്രിൽ 27 ന് ചാവറ കൾച്ചറൽ സെന്ററിൽ നടക്കും.



മധുപാൽ



അനിൽ ചേർത്തല

# തണ്ണീർക്കുടമൊരുക്കി ശാന്തിഗിരി വിദ്യാഭവൻ

**എജ്യുക്കേഷൻ സോൺ:** വേനൽ കനക്കുന്നതോടെ പക്ഷികളും ദുരിതത്തിലാണ്. ദാഹജലം കിട്ടാതെ പറവകളും പ്രാണികളും ചത്തൊടുങ്ങുന്നു. അവയ്ക്ക് സാന്ത്വനമായി ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിലെ കുട്ടികൾ തണ്ണീർക്കുടങ്ങളൊരുക്കി. മൺപാത്രങ്ങളിൽ ജലം നിറച്ച് സ്കൂൾ പരിസരത്തുള്ള വിവിധ മരച്ചില്ലകളിൽ സ്ഥാപിച്ചു. കൂടാതെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും കുളിർ ജലം പകരുന്നതിനായി മൺകൂജകളും സ്കൂളിന്റെ വിവിധയിടങ്ങളിൽ സജ്ജീകരിച്ചിട്ടുണ്ട്. പരിസ്ഥിതി സ്നേഹം, സഹജീവികളോടുള്ള കരുതൽ ഇവ കുട്ടികളിൽ വരുത്തുന്നതിനുവേണ്ടിയാണ് ഇത്തരം പ്രവർത്തനങ്ങൾ സ്കൂളിൽ ആവിഷ്കരിച്ചിരിക്കുന്നത്. അധ്യാപിക ബിന്ദു നന്ദനയുടെ നേതൃത്വത്തിലാണ് ഈ പ്രവർത്തനങ്ങൾ നടക്കുന്നത്.



തണ്ണീർക്കുടമൊരുക്കി ശാന്തിഗിരി വിദ്യാഭവനിലെ കുട്ടികൾ



ജ്യോതിപുരത്ത് സബീർ തിരുമല നിർമ്മിച്ച 'പൗർണ്ണമി' ഭവനം.
ഗൃഹപ്രവേശനകർമ്മം അഭിവന്ദ്യ ശിഷ്യപൂജിത എപ്രിൽ 3 ന് നിർവ്വഹിച്ചു

ഈ ലോകം.. ഇവിടെ ചില മനുഷ്യർ

വാമനപുരം മണി




Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala